**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2634** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ സി ആർ മഹേഷ് | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | യൂണിറ്റിന് നാല്പ രൂപ ഇരുപത്തി ഒൻപത് പൈസ നിരക്കിൽ ഇന്ത്യ തെർമൽ പവർ കമ്പനിയിൽ നിന്നും ഇരുന്നൂറ് മെഗാവാട്ടും പവർ ലിമിറ്റഡിൽ നിന്നും നൂറ്റി അമ്പത് മെഗാവാട്ടും വാങ്ങാനുള്ള കരാർ കഴിഞ്ഞ സർക്കാർ ഒപ്പിട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | യൂണിറ്റിന് 4 രൂപ 29 പൈസ നിരക്കിൽ, ഡിസംബർ 2014 കാലഘട്ടത്തിൽ 450MW വൈദ്യുതി വാങ്ങാൻ കരാർ ഒപ്പിട്ടിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ 100 മെഗാവാട്ട് – BALCO 150 മെഗാവാട്ട് – ജിൻഡാൽ പവർ ലിമിറ്റഡ് 100 മെഗാവാട്ട് – ജാബുവ പവർ ലിമിറ്റഡ് 100 മെഗാവാട്ട് – ജെ ഐ ടി പി എൽ |
| (ബി) | എങ്കിൽ പ്രസ്തുത കരാറുകൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ലഭിച്ചിരുന്നോ ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് റെഗുലേറ്ററി കമ്മീഷൻ അംഗീകാരം നൽകാതിരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കരാറുകളിൽ ആദ്യത്തേതിനു ഒഴികെ മറ്റുള്ളവയ്ക്കു റഗുലേറ്ററി കമ്മീഷന്റെ പൂർണ്ണ അംഗീകാരം ലഭിച്ചിട്ടില്ല. DBFOO documents –ൽ നിന്നും വരുത്തിയിട്ടുള്ള വ്യതിയാനം കാരണമാണ് അംഗീകാരം ലഭിക്കാത്തത്. |
| (സി) | പ്രസ്തുത കരാറിന്റെ നിരക്ക് കൂടുതലാണെന്ന് സി.എ.ജി റിപ്പോർട്ടിൽ പരാമർശമുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | നിരക്ക് കൂടുതലാണെന്ന് സിഎജി റിപ്പോർട്ട് പരാമർശിക്കുന്നില്ല എന്നാൽ ടി ദീർഘകാല കരാറുകളിൽ ഏർപ്പെട്ടുമ്പോൾ ഉള്ള വ്യതിയാനം ഭാവിയിൽ കരാറിൽ ഏർപ്പെട്ടുമ്പോൾ വരാതിരിക്കാൻ മുൻകൂറായി tendering process വ്യതിയാനങ്ങൾക്ക് appropriate അതോറി റ്റിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞനിരക്കി ലേക്കുള്ള മാച്ചിംഗ് ഉറപ്പാക്കാതിരുന്നാൽ ധനനഷ്ടം ഉണ്ടാകും എന്ന് സി.എ.ജി പരാമർശിക്കുന്നുണ്ട്. നിലവിൽ ഈ കരാറുകൾ സർക്കാർ തലത്തിൽ പുന:പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ